"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പയ്യന്നൂർ, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഇസ്മായിൽ.കെ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം.9941/2023 -യിലെ 22.03.2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം - പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.2514/2024/GEDN   തീയതി,തിരുവനന്തപുരം, 02-04-2024

---

പരാമർശം:-

1. 07/01/2013 ലെ സ.ഉ.(അ) നം.20/2013/ധന.
2. 07/05/2013 ലെ സ.ഉ(അ) നം.209/2013/ധന.
3. 16/11/2018 ലെ സ.ഉ(അ) നം.178/2018/ധന.
4. 30/09/2019 ലെ സ.ഉ(അ) നം.133/2019/ധന.
5. 04/07/2022ലെ സ.ഉ(അ) നം.83/2022/ധന.
6. റിട്ട് ഹർജി നം.9941/2023 -യിലെ 22/03/2023 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം.
7. 02/08/2023 ലെ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നം.ഡി.ഡി.ഇ/6089/2022-OA 1(1) നം. കത്ത്.
8. 04/08/2023 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നം.ഡി.ജി.ഇ/12519/2023/ഇ.എം4 നം. കത്ത്.

**<u>ഉത്തരവ്</u>**

പയ്യന്നൂർ, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഇസ്മായിൽ.കെ.പി ഫയൽ ചെയ്ത റിട്ട് ഹർജി നം.9941/2023-ലെ ബഹു. ഹൈക്കോടതിയുടെ പരാമർശം(6) വിധിന്യായത്തിൽ, അപേക്ഷകന്റെ എക്സിബിറ്റ് പി 17 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് , പ്രസ്തുത വിധിന്യായം കൈപ്പറ്റി 4 മാസത്തിനകം, ബന്ധപ്പെട്ടവർക്ക് നോട്ടീസ് നല്കി, പുറപ്പെടുവിക്കുവാൻ 1-ാം എതിർ കക്ഷിയായ സർക്കാരിനെ നിർദ്ദേശിച്ചിരുന്നു.

2. പയ്യന്നൂർ, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.കെ.പി.ഇസ്മായിലിനെ കെ.എസ്.ആർ പാർട്ട് III സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുവാനാണ് എക്സിബിറ്റ്- പി 17 റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ , കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ എന്നിവർ സമർപ്പിച്ച റിപ്പോർട്ട് ചുവടെച്ചേർക്കുന്നു.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം</u>

3. കണ്ണൂർ, തായിനേരി, എസ്.എ.ബി.റ്റി.എം ഹയർസെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഇസ്മായിൽ.കെ.പി 01.11.1995 മുതൽ അവധി ഒഴിവിൽ എഫ്.റ്റി.എം ആയി നിയമിക്കപ്പെട്ടുകയും പിന്നീട് വിവിധ ഒഴിവുകളിൽ തുടർച്ചയായി ശമ്പള സ്കെയിലിൽ ജോലി ചെയ്ത് 01/03/2014 മുതൽ എഫ്.ടി.എം തസ്തികയിലും പിന്നീട് 01/09/2014 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും റെഗുലർ തസ്തികയിൽ നിയമിതനായി. ശ്രീ.ഇസ്മായിൽ.കെ.പി നിലവിൽ എൻ.പി.എസ് പദ്ധതിയിൽ ചേർന്നിട്ടില്ല.

4. സംസ്ഥാനത്തെ കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ നിലവിലുണ്ടായിരുന്ന സർക്കാരിലും സർക്കാരിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിലും 01/04/2013 നോ അതിനു ശേഷമോ റെഗുലർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്. 01/04/2013ന് മുമ്പ് പാർട്ട് ടൈം തസ്തികയിൽ പ്രവേശിച്ച് 01/04/2013ന് ശേഷം ഫുൾ ടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്റ്റർ/ബൈ പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന പാർട്ട് ടൈം ജീവനക്കാർ/അധ്യാപകർ എന്നിവർക്കും കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമാക്കിക്കൊണ്ട് പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം 01/04/2013ന് ശേഷം ഫുൾ ടൈം ബെനിഫിറ്റോടെ പാർട്ട് ടൈം തസ്തികയിൽ തുടരുകയും ചെയ്യുന്ന അധ്യാപകർക്ക് കൂടി ബാധകമാക്കിക്കൊണ്ട് പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു. ശ്രീ. ഇസ്മായിൽ.കെ.പി ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല.

5. 31.03.2013 ന് മുമ്പ് റെഗുലർ സർവ്വീസിൽ നിയമിതരായ കെ.എസ്.ആർ ഭാഗം III പെൻഷൻ സ്കീമിൽ ഉൾപ്പെട്ട് പുനർനിയമനം ലഭിച്ച ജീവനക്കാർക്ക് പരാമർശം(2) പ്രകാരം മൊബിലിറ്റി അനുവദിച്ചിരുന്നു. ശ്രീ.ഇസ്മായിൽ.കെ.പി 31/03/2013 ന് മുമ്പ് റെഗുലർ സർവീസിൽ ആയിരുന്നില്ല. കൂടാതെ, 31/03/2013ന് മുമ്പ് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്നയാളുമായിരുന്നില്ല. വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും 01/04/2013ന് മുമ്പ് ദിവസവേതനാടിസ്ഥാനത്തിലോ അവധി ഒഴിവിലെ/അധിക തസ്തികയിലെ സേവനത്തിലോ ഉണ്ടായിരുന്ന ജീവനക്കാരിൽ 01/04/2013-നോ അതിനു ശേഷമോ സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ റെഗുലർ തസ്തികയിൽ സ്ഥിരനിയമനം ലഭിച്ചിരിക്കുന്ന മുഴുവൻ ജീവനക്കാരും 2019 നവംബർ 20ന് മുമ്പ് പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് അതാത് ഡി.ഡി.ഒ.മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് പരാമർശം (4) പ്രകാരം ഉത്തരവായിട്ടുണ്ട്. ശ്രീ.ഇസ്മായിൽ.കെ.പി ഈ ഉത്തരവിന്റെ പരിധിയിൽ വരുന്നയാളാണെങ്കിലും നിലവിൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗമല്ല. ശ്രീ.ഇസ്മായിൽ.കെ.പിയ്ക്ക് നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച നിയമപ്രകാരം കെ.എസ്.ആർ ഭാഗം III പെൻഷന് അർഹതയില്ല.

<u>വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ</u>

6. കണ്ണൂർ ജില്ലയിലെ തായിനേരി എസ്.എ.ബി.ടി.എം. ഹൈസ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഇസ്മായിൽ.കെ.പി, 01.11.1995 മുതൽ എഫ്.ടി.എം., ഓഫീസ് അറ്റൻഡന്റ് തസ്തികകളിൽ വിവിധ അവധി ഒഴിവുകളിൽ തുടർച്ചയായി ജോലി ചെയ്ത് 01.03.2014 മുതൽ

എഫ്.ടി.എം. തസ്തികയിലും പിന്നീട് 01.09.2014 മുതൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലും റഗുലർ തസ്തികയിൽ നിയമിതനായി. ശ്രീ.ഇസ്മായിൽ.കെ.പി നിലവിൽ എൻ.പി.എസ് പദ്ധതിയിൽ ചേർന്നിട്ടില്ല. 01.03.2014 മുതൽ മാത്രം റഗുലർ തസ്തികയിൽ തുടരുന്ന ടിയാനെ എൻ.പി.എസ് പദ്ധതിയിൽ ഉൾപ്പെടുത്താത്തതിൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഡിറ്റ് തടസ്സവാദം ഉന്നയിച്ചിരുന്നു.

7. ശ്രീ.ഇസ്മായിൽ.കെ.പി.ക്ക് 01.11.1995 മുതൽ തുടർച്ചയായ സർവ്വീസ് ഉണ്ടെങ്കിലും നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി സംബന്ധിച്ച നിയമങ്ങളും പരിപത്രങ്ങളും പ്രകാരം കെ.എസ്.ആർ. ഭാഗം III പ്രകാരമുള്ള പെൻഷന് അർഹതയില്ല. ആയതിനാൽ, ഈ വിഷയത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷിച്ചിരിക്കുന്നു.

8. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

9. കെ.എസ്.ആർ ഭാഗം III പ്രകാരം പെൻഷൻ നിലവിലുണ്ടായിരുന്ന സർക്കാർ, സർക്കാരിന്റെ കീഴിലെ വിവിധ സ്ഥാപനങ്ങളിലും 01/04/2013 നോ അതിനു ശേഷമോ റെഗുലർ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി ബാധകമാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം ഉത്തരവായിട്ടുണ്ട്. 01/04/2013ന് മുമ്പ് പാർട്ട് ടൈം തസ്തികയിൽ പ്രവേശിച്ച് 01/04/2013ന് ശേഷം ഫുൾ ടൈം തസ്തികയിലേക്ക് ബൈ ട്രാൻസ്റ്റർ/ബൈ പ്രൊമോഷൻ മുഖേന നിയമിക്കപ്പെടുന്ന പാർട്ട് ടൈം ജീവനക്കാർ/അധ്യാപകർ എന്നിവർക്കും കെ.എസ്.ആർ ഭാഗം III പെൻഷൻ ബാധകമാക്കിക്കൊണ്ട് പരാമർശം(3) പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം 01/04/2013ന് ശേഷം ഫുൾ ടൈം ബെനിഫിറ്റോടെ പാർട്ട് ടൈം തസ്തികയിൽ തുടരുകയും ചെയ്യുന്ന അധ്യാപകർക്ക് കൂടി ബാധകമാക്കിക്കൊണ്ട് 04/07/2022 ലെ പരാമർശം(5) പ്രകാരം ഉത്തരവായിരുന്നു. ശ്രീ.ഇസ്മായിൽ.കെ.പി ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല.

10. ശ്രീ.ഇസ്മായിൽ.കെ.പി 31/03/2013 ന് മുമ്പ് റെഗുലർ സർവീസിൽ ആയിരുന്നില്ല. കൂടാതെ, 31/03/2013ന് മുമ്പ് കെ.എസ്.ആർ ഭാഗം III പെൻഷൻ പദ്ധതിയുടെ പരിധിയിൽ വരുന്നയാളുമായിരുന്നില്ല.

11. ശ്രീ.ഇസ്മായിൽ.കെ.പിയുടെ 01.11.1995 മുതലുള്ള നിയമനം അവധി ഒഴിവിലായിരുന്നു. 01.04.2013 നു ശേഷം സ്ഥിര നിയമനം ലഭിക്കുന്ന ജീവനക്കാർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകം എന്നതിനാൽ സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് 06.03.2023 ൽ ശ്രീ.ഇസ്മായിൽ.കെ.പി സമർപ്പിച്ച അപേക്ഷ പരിഗണനാർഹമല്ല . കൂടാതെ, അവധി ഒഴിവിൽ നിയമനത്തിന് സ്റ്റാറ്റ്യൂട്ടറി പെൻഷൻ അനുവദിക്കാനാവില്ല.

12.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പയ്യന്നൂർ, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.ഇസ്മായിൽ.കെ.പി സ്റ്റാറ്റ്യൂട്ടറി പെൻഷനിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച എക്സിബിറ്റ് - പി 17 റിവിഷൻ ഹർജിയിലെ

ആവശ്യം നിരസിച്ച് , റിട്ട് ഹർജി നം.9941/2023 - യിലെ പരാമർശം(6)ലെ ബഹു. ഹൈക്കോടതി വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.(ആമുഖ കത്ത് സഹിതം)
ശ്രീ.ഇസ്മായിൽ.കെ.പി, ഓഫീസ് അറ്റൻഡന്റ്, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂൾ, പയ്യന്നൂർ പി.ഒ, കണ്ണൂർ -670307.
മാനേജർ, എസ്.എ.ബി.റ്റി.എം ഹയർ സെക്കന്ററി സ്കൂൾ, തായിനേരി, പയ്യന്നൂർ പി.ഒ, കണ്ണൂർ-670307.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ഇ), കേരള.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Padmakumari B
Date: 02-04-2024 10:49:46
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രിയുടെ പി.എസിന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്.